## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3481 — 14/03/2017 ൽ മറുപടിയ്ക്ക്

## പബ്ലിക് റിലേഷൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സർക്കാർ നടത്തി വരുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ അതിന്റെ അന്തസത്തയും പ്രാധാന്യവും നഷ്ടപ്പെടാതെ തന്നെ വളരെ വേഗത്തിൽ ജനങ്ങളിലും പൊതു മണ്ഡലത്തിലും എത്തിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മാറിയ കാലഘട്ടത്തിനനുസരിച്ച് ഉയരുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇത് മറികടക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) കൂടുതൽ ലഘുലേഖകൾ, ഡോക്യുമെന്ററികൾ മറ്റ് പ്രചാരണ മാദ്ധ്യമങ്ങൾ, ന്യൂ ജനറേഷൻ മാദ്ധ്യമങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വിപുലമായ ഒരു പബ്ലിക് റിലേഷൻസ് പദ്ധതിയ്ക്ക് രൂപം നൽകുമോ? | (ബി) സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് www.prd.kerala.gov.in ,ൽ ന്യൂസ് പോർട്ടലായ www.keralanews.gov.in എന്നിവ വഴി ദൈനംദിന വാർത്തകൾ, ചിത്രങ്ങൾ, പരസ്യവീഡിയോകൾ, ബ്രോഷറുകൾ, പോസ്റ്ററുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>നവ മാധ്യമ സങ്കേതങ്ങളായ ട്വിറ്റർ, ഫേസ്ബുക്ക്, യൂട്യൂബ് ചാനൽ എന്നിവയിലെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അക്കൗണ്ടിലൂടെ വാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ, |

വീഡിയോ ഡോക്യുമെന്ററികൾ, എന്നിവയും പ്രത്യേക പ്രചാരണം വേണ്ട സർക്കാർ പദ്ധതികൾക്ക് ബാനർ പരസ്യങ്ങൾ, എന്നിവയും വാട്ട്സ്ആപ്പ് വഴി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള വാർത്തകളുടെ പോസ്റ്റിംഗും പി ആർ ഡി ലൈവ് എന്ന ശ്രവ്യ, അച്ചടി-ദൃശ്യ അടിസ്ഥാനത്തിലുള്ള സർക്കാരിനെ സംബന്ധിച്ചുള്ള വാർത്തകൾ നൽകുന്ന മൊബൈൽ ആപ്പും ഉപയോഗിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ